**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 328** **16-09-2025 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോ അവശ്യസാധനങ്ങൾ സംഭരിച്ച വകയിൽ കമ്പനികൾക്ക് എത്ര രൂപ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സപ്ലൈകോ അവശ്യ സാധനങ്ങൾ സംഭരിച്ച വകയിൽ വിതരണക്കാർക്ക് ആകെ 480 കോടി രൂപ കുടിശ്ശിക നല്കവാനുണ്ട്. |
| (ബി) | സപ്ലൈകോ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് എത്ര രൂപ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിലെ (2024-25 സംഭരണ സീസണിൽ) ഒന്നാംവിളയിൽ 412.40 കോടി രൂപയുടെയും രണ്ടാംവിളയിൽ 1232.66 കോടി രൂപയുടെയും (ആകെ 1645.07 കോടി രൂപയുടെ) നെല്ല് സംഭരിച്ചിട്ടുണ്ട്. ഒന്നാംവിള പൂർണ്ണമായും രണ്ടാം വിളയിൽ 992.17 കോടി രൂപയും ചേർത്ത് ആകെ 1401.30 കോടി രൂപ ഇതിനോടകം കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്. ബാക്കിയുള്ള 243.77 കോടി രൂപ കർഷകർക്ക് പി.ആർ.എസ് സംവിധാനം മുഖേന നൽകുന്നതിന് അവശ്യമായ തുക ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. കുടിശ്ശിക ഒരാഴ്ച്ചക്കുള്ളിൽ പൂർണ്ണമായും കൊടുത്ത് തീർക്കാൻ കഴിയുന്നതാണ്. |
| (സി) | സപ്ലൈകോ നൽകാനുള്ള ആകെ കുടിശ്ശിക ഇനം തിരിച്ച് വ്യക്തമാക്കുമോ? | (സി) | (B) പിരിവിൽ കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ